തീരദേശ സംരക്ഷണം

29(*59) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തീരദേശ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) തീരദേശ പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടലോര ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? കടലിൽ റോന്തുചുറ്റുന്നതിന് എത്ര ഹൈസ്പീഡ് ബോട്ടുകൾ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) തീരദേശ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ ആദ്യഘട്ടത്തിൽ എട്ടും രണ്ടാം ഘട്ടത്തിൽ പത്തും തീരദേശ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ വിഴിഞ്ഞം, നീണ്ടകര, ഫോർട്ട് കൊച്ചി, അഴീക്കോട്, ബേപ്പൂർ, തലങ്ങര എന്നീ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പ്രവർത്തനം ആരംഭിച്ച പോലീസ് സ്റ്റേഷനുകളിൽ നിന്ന് ദിവസവും തീരദേശ സുരക്ഷാ പട്രോളിങ് നടത്തിവരുന്നു. പട്രോളിംഗിനായി കേന്ദ്ര സർക്കാർ രണ്ട് ഘട്ടങ്ങളിലായി 44 ബോട്ടുകൾ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ 24 ബോട്ടുകൾ ലഭിച്ചിട്ടുണ്ട്. തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ആവശ്യമായ തസ്തികകളിലേക്കും ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക തൊഴിലാളികളുടെ തസ്തികകളിലേക്കും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തീരദേശ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി 74 കടലോര ജാഗ്രതാസമിതികളും 2 കായലോര ജാഗ്രതാസമിതികളും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. തീരദേശ പോലീസ്, നാവിക സേന, കോസ്റ്റ്ഗാർഡ് എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള ചുമതല കോസ്റ്റ് ഗാർഡിനാണ്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിലയിരുത്തിയിട്ടുണ്ട്. കടലോര ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു. പ്രസ്തുത സമിതികൾ കാലാകാലങ്ങളിൽ യോഗങ്ങൾ കൂടുകയും തീരദേശ സുരക്ഷയും മറ്റ് അനുബന്ധ വിഷയങ്ങളും ചർച്ചചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) രണ്ടുഘട്ടങ്ങളിലായി കേന്ദ്ര സർക്കാർ 16 തീരദേശ പോലീസ് സ്റ്റേഷനുകളാണ് സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ളത്. ഇതിൽ വിഴിഞ്ഞം, നീണ്ടകര, ഫോർട്ട് കൊച്ചി, അഴീക്കോട്, ബേപ്പൂർ, തലങ്ങര എന്നീ സ്റ്റേഷനുകളിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ആദ്യ ഘട്ടമായി അനുവദിച്ച 8 പോലീസ് സ്റ്റേഷനുകൾക്ക് ആവശ്യമായ തസ്തികകൾ സംസ്ഥാന സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് തസ്തികകൾ നികത്തിവരുന്നു. തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് അനുവദിച്ചിട്ടുള്ള ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതിക തൊഴിലാളികളുടെ നിയമനത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു. തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിനായി ഓരോ സ്റ്റേഷനിലും രണ്ട് ടാറ്റാ സ്പേഷിയോ വാഹനങ്ങളും മൂന്ന് മോട്ടോർ സൈക്കിളുകളും അനുവദിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കേന്ദ്ര സർക്കാർ എട്ട് 5-ടൺ ബോട്ടുകളും പതിനാറ് 12-ടൺ ബോട്ടുകളും രണ്ടാം ഘട്ടത്തിൽ ഇരുപത് 12-ടൺ ബോട്ടുകളുമാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്.

ദേവസ്വം ബോർഡുകളുടെ കൈവശമുള്ള തരിശുഭൂമികൾ നവീകരിക്കാനുള്ള പദ്ധതി

30(*60) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കൈവശമുള്ള തരിശ് ഭൂമികൾ നവീകരിക്കാൻ പുതിയ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ;

(ബി) ഇതിനായി ഒരു എസ്റ്റേറ്റ് വകുപ്പ് രൂപീകരിക്കുന്ന നടപടി എന്തായി;

(സി) പുതുതായി രൂപീകരിക്കുന്ന ഈ വകുപ്പ് ദേവസ്വത്തിന്റെ അധീനതയിലുള്ള തരിശുഭൂമികളിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) വിവിധ ദേവസ്വം ബോർഡുകളുടെ കൈവശം ഇത്തരത്തിൽ എന്തു മാത്രം തരിശുഭൂമി ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഈ സാമ്പത്തിക വർഷം ഈ പദ്ധതിയിൻ കീഴിൽ ഏതെല്ലാം സ്ഥലത്ത് എന്തൊക്കെ നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly